385613

**D 34243** **(Pages : 3)** Name.......................................

Reg. No...................................

## FIRST SEMESTER INTEGRATED P.G. DEGREE (REGULAR/ SUPPLEMENTARY/IMPROVEMENT) EXAMINATION, NOVEMBER 2022

(For 2021 and 2022 Admissions)

**and**

## FIRST SEMESTER (SUPPLEMENTAY/IMPROVEMENT) EXAMINATION NOVEMBER 2021

(For 2020 Admission only)

Common Course (Malayalam)

MAL11A07(3)—MALAYALA BHASHAYUM SAHITHYAVUM – I

Time : Two Hours and a Half Maximum : 80 Marks

### Section A

I. രണ്ടോ മൂന്നോ വാക്യത്തിൽ ഉത്തരമെഴുതുക. 2 മാർക്ക് വീതമുള്ള 15 ചോദ്യങ്ങൾ. (പരമാവധി മാർക്ക് 25)

1 ‘ന്യാസാലാന്റ് ആകപ്പാടെ ഒരു കറുത്ത നാടായിട്ടാണ് എനിക്കു തോന്നിയത്’–കാരണമെന്ത് ?

2 ‘തന്റെ ജനൽച്ചില്ലുകളിൽ നിരന്തരം മറകൾ വീണു കൊണ്ടിരിക്കുന്നുവെന്ന് സരളയ്ക്കു തോന്നി’ –സന്ദർഭം വിശദമാക്കുക.

3 “വല്ലാതെ നോവരുത്, വേവരു,തൊന്നുമാത്രം

എല്ലാം മറക്കുമൊരുറക്കം . . . ഇവൾ-ക്കെനിക്കും”

–കൃതിയേത് ? രചയിതാവാര് ? ആരുടെ ചിന്തകളാണിത് ?

4 ‘എന്തു പറഞ്ഞാലും ജാതിയുണ്ടാക്കിയ ദുരിതം ചെറുതൊന്നുമല്ല’–ഇങ്ങനെ പറയുന്നതാര് ? കൃതിയേത് ?

5 ‘വേണ്ടാംകടി’ എന്ന ശീർഷകത്തിന്റെ സാംഗത്യമെന്ത് ?

6 ബുദ്ധനും ഞാനും നരിയും എന്ന കവിത വിനിമയം ചെയ്യുന്ന ആശയതലമെന്ത് ?

7 കുറിപ്പെഴുതുക : സിയാറ്റിൻ മൂപ്പൻ.

8 നമ്മെ കണ്ടിട്ടില്ലാത്തവരും നിരന്തരം കാണുന്നവരും നാം തന്നെയും കാണട്ടെ ; ഭൂതുക്കളിലൂടെ നാം എന്താടുന്നു പാടുന്നു എന്ന് – കവിയാര് ? കൃതിയേത് ? സാമൂഹികമായ എന്തെല്ലാം മാറ്റങ്ങളെയാണീ വരികൾ പ്രതിനിധാനം ചെയ്യുന്നത് ?

9 അച്ഛനെക്കുറിച്ച് ലോല പറഞ്ഞതെന്തെല്ലാമായിരുന്നു ?

10 ‘കാപ്പിരികളുടെ നാട്ടിൽ’ എന്ന ഗ്രന്ഥത്തിന്റെ ഉള്ളടക്കമെന്ത് ?

**Turn over**

385613

385613



11 എന്താണ് 'സ്വിഹിലി' ? ആ വാക്കിന്റെ അർത്ഥമെന്ത് ?

12 മീര പാടുന്നു എന്ന കവിതയുടെ പ്രമേയമെന്ത് ?

13 "ആളുകൾ കണ്ടു കണ്ടാണു സാർ

കടലുകൾ ഇത്രയും വലുതായത്

പുഴകൾ ഇതിഹാസങ്ങളായത് "

–ആശയമെന്ത് ?

14 മലയാളത്തിലെ പ്രസിദ്ധമായ നാല് യാത്രാവിവരണ കൃതികളുടെയും രചയിതാക്കളുടെയും പേരെഴുതുക.

15 'ഈ കഥ ഇവിടെ അവസാനിക്കുന്നില്ല' എന്ന വാചകത്തോടെ അവസാനിക്കുന്ന കഥ ഏത് ? കഥാകൃത്ത് ആര് ?

(25 marks)

## Section B

II. ഒന്നരപ്പുറത്തിൽക്കവിയാതെ ഉത്തരമെഴുതുക. 5 മാർക്ക് വീതമുള്ള 8 ചോദ്യങ്ങൾ. (പരമാവധി മാർക്ക് 35)

16 'സാമൂഹിക ജീവിതത്തിലെ പെണ്ണവസ്ഥകളുടെ പ്രാതിനിധ്യ സ്വഭാവമുള്ള കഥാപാത്രങ്ങളാണ് സരളയും കുപ്പമ്മയും'–ശരിയോ ? ചർച്ച ചെയ്യുക.

17 'ബൈറ'–കുറിപ്പെഴുതുക.

18 മീര പാടുന്നു എന്ന കവിതയുടെ സ്ത്രീവാദ രാഷ്ട്രീയതലങ്ങൾ പരിശോധിക്കുക.

19 'വേണ്ടാംകടി' എന്ന കഥയിലെ മുത്തച്ഛനെ കോവിലൻ അവതരിപ്പിച്ചിരിക്കുന്നതെങ്ങനെ ?

20 'തരമായടുത്തവൻ ചാടാറായ് ഞാനാക്കൽ പ്രതിമയാക്രൂരൻ മുതുകിൽത്തള്ളി–സന്ദർഭമെന്ത് ?

21 'ലോല അത്യധികം ഉന്മേഷവതിയായി നടിച്ചു. പക്ഷേ അതൊരു മുഖാവരണം മാത്രമാണെന്ന് എനിക്കറിയാമായിരുന്നു'–വിശദമാക്കുക.

22 'ജീവിക്കലിന്റെ അന്ത്യം. അതിജീവനത്തിന്റെ തുടക്കം' പാരിസ്ഥിതിക ആശങ്കകളെ മുൻനിർത്തിയുള്ള സിയാറ്റിൻ മൂപ്പന്റെ വാക്കുകളുടെ അർത്ഥസാധ്യതകൾ പരിശോധിക്കുക.

23 മാധ്യമസംസ്കാരം സൃഷ്ടിച്ചെടുത്ത പൊതു ബോധകാപട്യങ്ങളുടെ മുഖം മൂടി വലിച്ചു ചീന്തി ചിരിയ്ക്കും ചിന്തയ്ക്കും വഴിയൊരുക്കുകയാണ് 'പല പോസിലുള്ള ഫോട്ടോകൾ' എന്ന കവിത ചെയ്യുന്നത്–വ്യക്തമാക്കുക.

(35 marks)

385613

385613



## Section C

III. ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് മൂന്നു പുറത്തിൽക്കവിയാതെ ഉപന്യസിക്കുക. (10 മാർക്ക് വീതം)

24 കലയേയും ആവിഷ്കാരത്തേയും സംബന്ധിച്ച നിത്യ ചൈതന്യയതിയുടെ ആശയങ്ങൾ ക്രോഡീകരിക്കുക.

25 ഒത്തുതീർപ്പുകൾ, വേണ്ടാംകുടി എന്നീ ചെറുകഥകളിലെ പെൺസ്വത്വ നിർമ്മിതികൾ വിശകലനം ചെയ്യുക.

26 ആദർശങ്ങളുടെ അപ്രായോഗികത സമർത്ഥമായി വിനിമയം ചെയ്യുന്ന കവിതയാണ് 'ബുദ്ധനും ഞാനും നരിയും '—ഈ അഭിപ്രായത്തിന്റെ സാധുത പരിശോധിക്കുക.

27 മലയാളത്തിലെ യാത്രാവിവരണ ശാഖയിൽ തനതായ നിരീക്ഷണം, ആവിഷ്കാര ശൈലി എന്നിവയാൽ വേറിട്ടു നില്ക്കുന്ന കൃതികളാണ് എസ്.കെ. പൊറ്റക്കാട്ടിന്റേത് 'കാപ്പിരികളുടെ നാട്ടിൽ' എന്ന കൃതിയെ മുൻനിർത്തി വിശകലനം ചെയ്യുക.

(2 × 10 = 20 marks)

385613